ഭരണഭാഷ-മാതൃഭാഷ

WCD/D1-3191/2020

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 29.06.2020
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

## സർക്കുലർ

വിഷയം: വനിത ശിശു വികസന ഡയറക്ടറേറ്റ് - ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും വനിത പ്രൊട്ടക്ഷൻ ഓഫീസർമാർക്കും കരാറടിസ്ഥാനത്തിൽ വാഹനം എടുക്കുന്നത് -സംബന്ധിച്ച്.

സൂചന: 1. സർക്കാർ ഉത്തരവ് (ആർ.റ്റി.) നം. 227/2020/SJD തീയതി. 15.06.2020

2. വനിത ശിശു വികസന ഡയറക്ടറുടെ 25.03.2019 ലെ WCD-D1-20782/19 നമ്പരായ പരിപത്രം

മേൽ സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം 14 ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും 14 ജില്ലാ വനിത പ്രൊട്ടക്ഷൻ ഓഫീസർമാർക്കും കരാർ അടിസ്ഥാനത്തിൽ ഇലക്ട്രിക് വാഹനങ്ങൾ എടുക്കുവാനെന്ന നിബന്ധനയോടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

ടി സാഹചര്യത്തിൽ 14 ജില്ലാ വനിത ശിശു വികസന ഓഫീസർമാരും 14 ജില്ലാ വനിത പ്രൊട്ടക്ഷൻ ഓഫീസർമാരും ഇലക്ട്രിക് വാഹനങ്ങൾ കരാർ വ്യവസ്ഥയിൽ എടുത്തുപയോഗിക്കുന്നതിനു വേണ്ടിയുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കരാർ അടിസ്ഥാനത്തിൽ വാടകയ്ക്കെടുക്കുന്ന വാഹനത്തിന്റെ 1500 km ന് പ്രതിമാസം 30,000/- നിരക്കിലും അധികരിച്ചു വരുന്ന ഓരോ കിലോമീറ്ററിനും സർക്കാർ അതാത് സമയങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലും (നിലവിൽ km ന് 15/- രൂപ) പരമാവധി 250km വരെ വാടക നിശ്ചയിക്കാവുന്നതാണ്.

സൂചന (2)ലെ പരിപത്രത്തിലെ എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ടായിരിക്കണം ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടത്. സൂചന (1) ലെ സർക്കാർ ഉത്തരവിന്റെ കോപ്പി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ വനിതാശിശുവികസന ഓഫീസർമാർക്കും
വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർക്കും.

GB/P

"ഭരണഭാഷ- മാതൃഭാഷ"

91

**കേരള സർക്കാർ**

**സംഗ്രഹം**

**സാമൂഹ്യനീതി വകുപ്പ്- ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും ജില്ലാ വനിത പ്രൊട്ടക്ഷൻ ഓഫീസർമാർക്കും കരാറടിസ്ഥാനത്തിൽ വാഹനം എടുക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**സാമൂഹ്യനീതി (സി) വകുപ്പ്**

G.O.(Rt) No.227/2020/SJD തീയതി,തിരുവനന്തപുരം, 15/06/2020

പരാമർശം:- 1 വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 02-03-2020 ലെ No.WCD/D2/3191/2020 നമ്പർ കത്ത്.

2 13-05-2020 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**ഉത്തരവ്**

വനിത ശിശുവികസന വകുപ്പിൽ പുതുതായി അനുവദിക്കപ്പെട്ട 14 ജില്ലാ വനിത ശിശു വികസന ഓഫീസർ തസ്തികയിലെ ജീവനക്കാർക്കും, 14 വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാർക്കും ജില്ലാതലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കീഴ് കാര്യാലയങ്ങൾ സന്ദർശിക്കുന്നതിനും മറ്റ് അന്വേഷണങ്ങൾ നടത്തുന്നതിനും കരാറടിസ്ഥാനത്തിൽ വാടകയ്ക്ക് വാഹനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് സർക്കാരിൽ പരാമർശം (1) പ്രകാരം വനിത ശിശു വികസന ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2) കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്ന വാഹനത്തിന്റെ 1500 കിലോമീറ്ററിന് പ്രതിമാസം 30,000 രൂപ നിരക്കിലും, അധികരിച്ച് വരുന്ന ഓരോ കിലോമീറ്ററിനും സർക്കാർ അതാത് സമയങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലും (നിലവിൽ കിലോമീറ്ററിന് 15/- രൂപ) പരമാവധി 250 കി.മീ വരെ വാടക നിശ്ചയിക്കാവുന്നതാണെന്നും ഇതിലേയ്ക്കാവശ്യമായ മൊത്തം ചെലവായ 1,13,40000/- രൂപ (ഒരു കോടി പതിമൂന്ന് ലക്ഷത്തി നാൽപതിനായിരം രൂപ മാത്രം) പുതുതായി അനുവദിക്കപ്പെട്ട 14 ജില്ലാ വനിത ശിശുവികസന ഓഫീസുകളിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനും, ജില്ലാ വനിത പ്രൊട്ടക്ഷൻ ഓഫീസുകളിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനും നടപ്പ് സാമ്പത്തികവർഷത്തിൽ 2235-02-001-89 എന്ന ശീർഷകത്തിൽ Hiring of Vehicles ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി വകയിരുത്തിയിട്ടുള്ള 4 കോടി രൂപയിൽനിന്നും വഹിക്കാവുന്നതാണെന്നും ആയതിന് ഭരണാനുമതി നൽകണമെന്നും വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. ആവശ്യമായ തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

3) വനിത ശിശു വികസന ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (2) പ്രകാരം വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഇനം .22 ആയി പരിശോധിക്കുകയും E-Vehicles approved. Also as many number of other vehicles on hire to be replaced with e-vehicles.

എന്ന നിബന്ധനയോടെ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിത ശിശു വികസന വകുപ്പിന് കീഴിലുള്ള പുതുതായി അനുവദിക്കപ്പെട്ട 14 ജില്ലാ വനിത ശിശുവികസന ഓഫീസുകളിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനും, ജില്ലാ വനിത പ്രൊട്ടക്ഷൻ ഓഫീസുകളിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനും ആവശ്യമായ മൊത്തം തുകയായ 1,13,40,000/- രൂപ (ഒരു കോടി പതിമൂന്ന് ലക്ഷത്തി നാൽപതിനായിരം രൂപ മാത്രം ) വകുപ്പിൽ നിലവിലുള്ള നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-001-89 (P) എന്ന ശീർഷകത്തിൽ Hiring of Vehicles ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി വകയിരുത്തിയിട്ടുള്ള 4 കോടി രൂപയിൽനിന്നും വഹിക്കുന്നതിന് as many number of other vehicles on hire to be replaced with e-vehicles എന്ന നിബന്ധനയോടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJU PRABHAKAR
SECRETARY

പകർപ്പ് : വനിത ശിശു വികസന ഡയറക്ടർ,തിരുവനന്തപുരം
പ്രിൻസിപ്പിൽ അക്കൗണ്ടന്റ് ജനറൽ (ജി& എസ്.എസ്.എ)/(എ&ഇ)
കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്(വെബ് & ന്യൂ മീഡിയ വിഭാഗം)
(വെബ് സൈറ്റിൽ പ്രസദ്ധീകരിക്കുന്നതിന്)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| | | |
|---|---|---|
| ഒരു ജില്ലാ വനിത ശിശു വികസന ഓഫീസിന് ഒരു മാസത്തേയ്ക്കുള്ള വാടക | : | 30,000/- രൂപ |
| 12 മാസത്തേയ്ക്ക് ആവശ്യമായ തുക | : | 30,000 * 12=3,60,000/- രൂപ |
| 1 4 ജില്ലാ ഓഫീസുകൾക്ക് 1 2 മാസത്തേയ്ക്ക് ആവശ്യമായ തുക | : | 14*3,60,000=50,40,000/- |

| | | |
|---|---|---|
| അധികരിച്ച വരുന്ന ഓരോ കിലോമീറ്ററിനും 15/- രൂപ നിരക്കിൽ 250 കി.മീ. വരെ പ്രതീക്ഷിക്കുന്ന തുക | : | 14*15*250*12=6,30,000/- രൂപ |
| ആകെ | | 50,40,000+6,30,000=56,70,000/- രൂപ |
| ഒരു ജില്ലാ വനിത പ്രൊട്ടക്ഷൻ ഓഫീസിന് ഒരു മാസത്തേയ്ക്കുള്ള വാടക | | 30,000/- രൂപ |
| 12 മാസത്തേയ്ക്ക് ആവശ്യമായ തുക | | 30,000*12=3,60,000/- രൂപ |
| 14 ജില്ലാ ഓഫീസുകൾക്ക് 12 മാസത്തേയ്ക്ക് ആവശ്യമായ തുക | | 14*3,60,000=50,40,000/- രൂപ |
| അധികരിച്ച വരുന്ന ഓരോ കിലോമീറ്ററിനും 15/- രൂപ നിരക്കിൽ 250 കി.മീ. വരെ പ്രതീക്ഷിക്കുന്ന തുക | | 14*15*250*12=6,30,000/- രൂപ |
| ആകെ | | 50,40,000+6,30,000=56,70,000/- രൂപ |

ആകെ ചിലവ് - 56,70,000*2=1,13,40,000/-

(ഒരു കോടി പതിമൂന്ന് ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം)